LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്ര കയ്യേറ്റങ്ങൾ നടന്നുവെന്നാണ് പരിശോധനയിൽ കണ്ടെത്തിയത്;

&

(സി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

(ബി&സി) എല്ലാ ജില്ലയിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കയ്യേറ്റങ്ങളുടെ വിശദമായ വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. സർവ്വേ വകുപ്പിന്റെ സഹായത്തോടെ കയ്യേറ്റങ്ങൾ തിട്ടപ്പെടുത്തി നോട്ടീസ് നൽകുകയും അതാത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുമരാമത്ത്, റവന്യൂ, പോലീസ് എന്നീ വകുപ്പുകൾ സംയുക്തമായി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**അഴീക്കോട് നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

20(630) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പ്രവൃത്തികളിൽ ഇനിയും ആരംഭിക്കാനുള്ളവയും അവയുടെ കാലതാമസത്തിനുള്ള കാരണവും എന്താണെന്ന് അറിയിക്കാമോ;

&

(സി) നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ-ഡി) പൊതുമരാമത്ത് നിരത്തു വിഭാഗത്തിനുകീഴിൽ 2019-20 ബഡ്ജറ്റ് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയ പൂതപ്പാറ-വായിപ്പറമ്പ റോഡ് കി.മീ 0/000 മുതൽ 3/300 വരെയുള്ള ഭാഗം പ്രവൃത്തിയാരംഭിച്ച് 25 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. എം.എൽ.എ. ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി വളപ്പട്ടണം ഹൈവേ ജംഗ്ഷൻ മുതൽ മന്ന വരെ 99 ലക്ഷം രൂപയുടെ പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ ഒപ്പുവച്ചിട്ടുണ്ട്. 2017-18 ലെ ബഡ്ജറ്റ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി പൂതപ്പാറ-നീർക്കടവ് റോഡ് കി.മീ. 0/000 മുതൽ 2/400 വരെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയെങ്കിലും കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ച് പോയിരുന്നതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടിക സ്വീകരിച്ചുവരുന്നു.

പയ്യാമ്പലം ബീച്ച്-മീനക്കുന്ന് റോഡിന്റെ ഇരുവശങ്ങളിലും ഇന്റർലോക്ക് ചെയ്യുന്ന പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കി ആരംഭിക്കാനിരിക്കുകയാണ്. കെ.ആർ.എഫ്.ബി.-യുടെ കീഴിൽ കണ്ണൂർ നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന അഴീക്കോട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട റോഡുകൾ കോറിഡോർ 01-ൽ എൻ.എച്ച് 66-ന്റെ ജംഗ്ഷൻ - പുതിയ എൻ.എച്ച് ബൈപ്പാസ് റോഡ് (0+600 മുതൽ 4+200 വരെ), പൊട്ടക്കുണ്ട് - കൊറ്റാളി റോഡ് (1.43 കി.മീ), കുഞ്ഞിപ്പള്ളി - പുല്ലോപ്പി റോഡ് (1.69 കി.മീ) എന്നിവയാണ്. ടി റോഡുകളുടെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ ഭാഗമായി 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയുണ്ടായി. സബ്ഡിവിഷൻ സർവ്വേ ജോലികൾ പുരോഗമിച്ചുവരുന്നു. ചേലാട് - പള്ളിക്കുന്ന് - കുഞ്ഞിപ്പള്ളി റോഡ് (4.7 കി.മീ), മിനി ബൈപ്പാസ് റോഡിന്റെ 0+000 മുതൽ 5+300 വരെ, കക്കാട് - മുണ്ടയാട് റോഡ് എന്നീ പ്രവൃത്തികളിൽ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾക്ക് പ്രദേശവാസികളുടെ എതിർപ്പ് കാരണം അതിർത്തി കല്ലുകൾ സ്ഥാപിക്കാത്തതിനാൽ തുടർപ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. സബ് ഡിവിഷൻ സർവ്വേ ജോലികൾ നടന്നുവരുന്നു. റോഡുകളുടെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ ഭാഗമായി 11 (1) നോട്ടിഫിക്കേഷൻ ഒക്ടോബർ 31-നകം പൂർത്തീകരിക്കാൻ സാധിക്കും. കിഫ്ബി വിഭാഗത്തിനുകീഴിൽ കല്ലുരിക്കടവ് പാലം പ്രവൃത്തിക്ക് 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭിച്ച് ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. കിഫ്ബിയുടെ സാമ്പത്തികാനുമതിക്കുവേണ്ടിയുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കിവരുന്നു. കെട്ടിട വിഭാഗത്തിനുകീഴിലെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ**

21(631) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ 2016-21 കാലയളവിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പുതുതായി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദവിവരം നൽകാമോ?

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും 2018-19 സാമ്പത്തിക വർഷത്തിൽ സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തി 11.6 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച വാണിയംകുളം - വല്ലപ്പുഴ (11.6 കി.മീ.) റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചു. മേൽപ്രവൃത്തി ഷൊർണ്ണൂർ-പട്ടാമ്പി നിയോജകമണ്ഡലത്തിലൂടെയാണ് കടന്നുപോകുന്നത്. നിരത്ത്, കെട്ടിട വിഭാഗങ്ങൾക്ക കീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly